പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 205 18.03.2013-ൽ മറുപടിയ്ക്ക്

## സ്പോർട്സ് ക്വാട്ടാ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി.യു.കുരുവിള | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ദേശീയ സ്കൂൾ കായിക മേളകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കായികതാരങ്ങൾക്കും കോച്ചുമാർക്കും സ്കൂളുകൾക്കും നൽകിവരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) | നിലവിൽ പിരഗണനയിലില്ല. |
| (ബി) | ഇത്തരം മത്സരങ്ങളിൽ മികവ് പുലർത്തുന്നവർക്കും സ്കൂളുകൾക്കും പ്രത്യേക ക്യാഷ് അവാർഡുകൾ നൽകുന്നതിനും പരിശീലനത്തിന് അന്തർദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ ; | (ബി) | ഇക്കഴിഞ്ഞ 58-ാമത് ദേശീയ സ്കൂൾ മീറ്റിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡൽ നേടിയ കായികതാരങ്ങൾക്കും പരിശീലകർക്കും പാരിതോഷികങ്ങൾ അനുവദിച്ചിട്ടുണ്ട്. മെഡൽ ജേതാക്കളായ കായികതാരങ്ങളെ തെരഞ്ഞെടുത്ത് അത്യാധുനിക പരിശീലനം ലഭ്യമാക്കുന്നതിനായി എലൈറ്റ് അത്‌ലറ്റിക്സ് ട്രെയിനിംഗ് സെന്റർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | മേളകളിൽ മികവ് പുലർത്തുന്ന താരങ്ങൾക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിന് സ്പോർട്സ് ക്വോട്ട നിയമനം വേഗത്തിലാക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | സ്പോർട്സ് ക്വാട്ടാ നിയമനം പ്രതിവർഷം 20 നിന്ന് 50 ആയി സ.ഉ.(പി)170/09/പൊ.ഭ.വ പ്രകാരം ഉയർത്തുകയും 2010 മുതലുള്ള കലണ്ടർ വർഷങ്ങളിലെ നിയമനത്തിനായുള്ള വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ